# പതിമൂന്നാം കേരളനിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 3644** — **30.01.2014 -ലെ മറുപടിക്ക്**

### പെരുമ്പാവൂർ നോർത്ത് പോഞ്ഞാശേരി എൽ.പി. സ്കൂളിൽ നടന്ന സ്ഫോടനം

| ചോദ്യം<br>ശ്രീ. സാജു പോൾ | | മറുപടി<br>ശ്രീ. രമേശ് ചെന്നിത്തല<br>(ബഹു: ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പെരുമ്പാവൂർ നോർത്ത് പോഞ്ഞാശേരി എൽ.പി. സ്കൂളിൽ നടന്ന സ്ഫോടനത്തിന് ഉത്തരവാദികളായവരെ കണ്ടെത്താത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സ്ഫോടനം നടത്തിയവരെ കണ്ടെത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) | സ്ഫോടനവുമായി ബന്ധപ്പെട്ട് പെരുമ്പാവൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1690/13 u/s 3(a) of Explosive Substance Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൃത്യസ്ഥലവും പരിസരവും പരിശോധിക്കുവാനായി ബോംബ് സ്ക്വാഡ്, പോലീസ് സയന്റിഫിക് അസിസ്റ്റന്റ്, വിരലടയാള വിദഗ്ധൻ, പോലീസ് ഫോട്ടോഗ്രാഫർ എന്നിവരുടെ സേവനം ലഭ്യമാക്കുകയും പരിസരവാസികളെയും മറ്റും കണ്ടുചോദിച്ച് മൊഴികൾ രേഖപ്പെടുത്തുകയും, സമീപ പ്രദേശങ്ങളിലെ ക്രഷർ/ക്വാറി ഉടമകളെയും, സ്കൂൾ മാനേജ്മെന്റ് ഡയറക്ടർ ബോർഡ് മെമ്പർമാരെയും ചോദ്യം ചെയ്യുകയും ചെയ്തു. കൂടാതെ, മൊബൈൽ ടവർ കേന്ദ്രീകരിച്ചും കോൾ ഡീറ്റയിൽസ് പരിശോധിച്ചും വിശദമായ അന്വേഷണം നടത്തുന്നുണ്ട്. |
| (സി) | പ്രത്യേക അന്വേഷണ സംഘത്തെ നിയോഗിച്ച് കുറ്റവാളികളെ അറസ്റ്റ് ചെയ്യാൻ നടപടി സ്വീകരിക്കുമോ; | (സി) | ഈ കേസ് കുറുപ്പംപടി പോലീസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിലുള്ള പ്രത്യേക ടീം ഏറ്റെടുത്ത് തുടരന്വേഷണം നടത്തിവരുന്നു. |
| (ഡി) | സ്കൂൾ പരിസരത്ത് സാമൂഹ്യ വിരുദ്ധർ അഴിഞ്ഞാടുന്നതിനെതിരെ പരാതികൾ ലഭിച്ചിട്ടുണ്ടോ; | (ഡി) | സ്കൂൾ പി.റ്റി.എ.യുടെ പരാതി ലഭിച്ചിട്ടുണ്ട്. |
| (ഇ) | എങ്കിൽ പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ എടുത്ത നടപടികൾ വ്യക്തമാക്കുമോ? | (ഇ) | മേൽ പരാതിയുടെ അടിസ്ഥാനത്തിൽ കുറുപ്പംപടി പോലീസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിലുള്ള പ്രത്യേക ടീം തുടരന്വേഷണം നടത്തി വരുന്നതും സ്കൂൾ പരിസരത്ത് പോലീസ് കർശന നിരീക്ഷണം നടത്തി വരുന്നതുമാകുന്നു. |

സെക്ഷൻ ഓഫീസർ